പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 1515

30/01/2018 ൽ
മറുപടിക്ക്

## കശുവണ്ടി മേഖലയുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.എൻ.വിജയൻ പിള്ള
ശ്രീ.എം.മുകേഷ്
ശ്രീ.ആർ. രാജേഷ്

ഉത്തരം

ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തോട്ടണ്ടി ആവശ്യത്തിന് ലഭ്യമാകുന്നതോടെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനികവൽക്കരണത്തിനും ഭാഗികമായ യന്ത്രവല്ക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്.<br>കൂടാതെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അസംസ്കൃത കശുവണ്ടിക്ക് നിലവിൽ എത്ര ശതമാനം ഇറക്കുമതി നികുതിയാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ; | (ബി) | ഇറക്കുമതി ചെയ്യുന്ന അസംസ്കൃത കശുവണ്ടിക്ക് നിലവിൽ 5% ഇറക്കുമതി നികുതിയാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | കശുവണ്ടി മേഖലയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത നികുതി ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (സി) | നിലവിലുള്ള 5% ഇറക്കുമതി നികുതി കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണ്. എന്നതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും ബഹു.മുഖ്യമന്ത്രിയും നേരിട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |
| (ഡി) | വിയറ്റ്നാമുമായുള്ള സ്വതന്ത്ര കച്ചവടക്കരാർ നടപ്പിലായാൽ, വിയറ്റ്നാം കശുവണ്ടി കുറഞ്ഞ വിലയ്ക്ക് വിപണിയിലെത്തുകയും ആഭ്യന്തര വിപണി തകരുകയും ചെയ്യുമെന്നതിനാൽ പ്രസ്തുത കരാർ റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) | യന്ത്രവൽകൃത സംസ്കരണം നിലവിലുള്ള വിയറ്റ്നാമിൽ സംസ്കൃത കശുവണ്ടിക്ക് താരതമ്യേന വില വളരെ കുറവാണ്. ടി കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്വതന്ത്ര വ്യാപാരകരാർ അനുസരിച്ച് അനുമതി നൽകിയാൽ കേരളത്തിലെ കശുവണ്ടി വ്യവസായ മേഖലയെ തകർച്ചയിലേക്ക് നയിക്കും. ഇക്കാര്യം സൂചിപ്പിച്ച് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീ.സുരേഷ് പ്രഭുവിന് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് 2017 നവംബർ മാസം കത്ത് നൽകിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും കൊച്ചി സ്പെഷ്യൽ എക്കണോമിക്ക് സോൺ വഴി നിലവാരമില്ലാത്ത വിയറ്റ്നാം പരിപ്പ് യഥേഷ്ടം ഇറക്കുമതി ചെയ്തു വരികയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കശുവണ്ടി വ്യവസായത്തെ സാരമായി ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ